**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1165** **14-03-2022 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ റോഡുകൾ നവീകരിക്കുവാൻ അനുവദിക്കുന്ന തുക സമയബന്ധിതമായി വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സ്വീകരിക്കും. പ്രതികൂല കാലാവസ്ഥയും, ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ ഉണ്ടെങ്കിലും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | മറ്റ സ്ഥലങ്ങളിൽ നിന്നും വ്യത്യസ്തമായ ഭൂപ്രകൃതി മൂലം കുട്ടനാട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി നിർമാണ സാമഗ്രികൾ ജങ്കറിലും വള്ളത്തിലും ആയി വിദൂര കേന്ദ്രങ്ങളിൽ എത്തിക്കേണ്ടതുള്ളതിനാൽ അധിക ചിലവ് വരുന്നു. മടവീഴ്ച മൂലമുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ റോഡ് മുങ്ങിപോകുന്നത് കുട്ടനാട്ടിൽ സർവ്വ സാധാരണമാണ്. പാടശേഖരങ്ങളിൽ നിയന്ത്രിത പമ്പിംങ് ഏർപ്പെടുത്തുന്നത് വഴി റോഡിൽ വെള്ളക്കെട്ട് രൂപപ്പെടുന്നത് ഒഴിവാക്കുവാൻ സാധിക്കുന്നതാണ്. ഇതിനായി കൃഷി, ഇറിഗേഷൻ വകുപ്പുകൾ സംയുക്തമായി തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. മറ്റിടങ്ങളിൽ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുവാൻ ആവശ്യമുള്ള തുകയേക്കാൾ കൂടുതൽ കുട്ടനാട്ടിൽ ആവശ്യമായി വരുന്നു. നിലവിലുള്ള ലെവലിൽ ചെയ്താൽ വെള്ളപ്പൊക്കത്തിൽ അത് വീണ്ടും നശിക്കുവാൻ ഇടവരുമെന്നതിനാൽ റോഡ് ഉയർത്തി പണിയുകയും ജല നിർഗമനത്തിന് ആവശ്യമായ ബോക്സ്/ പൈപ്പ് കലുങ്കുകൾ, ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുക എന്നിവ ഉൾപ്പെടെ ചെയ്താൽ മാത്രമേ റോഡ് ദീർഘകാലം നിലനിൽക്കുകയുള്ളു. ഇതിനായി ആവശ്യമായ തുക അനുവദിക്കുകയും കുട്ടനാടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് നിർമ്മാണ കാലാവധി നിശ്ചയിക്കുകയും ചെയ്യുന്നത് വഴി കുട്ടനാട്ടിലെ റോഡ് നിർമ്മാണ പ്രവർത്തികൾ ഒരു പരിധിവരെ കാലതാമസം കൂടാതെ നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ